■ ബാങ്കുകൾ കൈവിടുന്നു, സർക്കാർ സഹായവുമില്ല

# നീര കമ്പനികൾ പ്രതിസന്ധിയിൽ

■ സ്വന്തം ലേഖകൻ

കോഴിക്കോട്

കേരകർഷകർക്ക് പ്രതീക്ഷയുണർത്തിയ നീര ഉൽപാദന കമ്പനികൾ പ്രതിസന്ധിയിൽ. സാമ്പത്തിക സഹായം നൽകാൻ ബാങ്കുകൾ തയാറാകാത്തതും സർക്കാരിന്റെ പിന്തുണ ലഭിക്കാത്തതുമാണ് കമ്പനികളെ പ്രതിസന്ധിയിലാക്കിയത്.

നാളികേര വികസന കോർപ്പറേഷൻ നൽകുന്ന സബ്സിഡി മാത്രമാണ് സർക്കാർ സഹായമായി കമ്പനികൾക്ക് ലഭിക്കുന്നത്. കർഷകരിൽനിന്ന് പണം പിരിച്ച് സ്ഥലവും മറ്റു സൗകര്യവും ഒരുക്കിയെങ്കിലും പല കമ്പനികൾക്കും നീര ഉൽപ്പാദക യന്ത്രം വാങ്ങാൻ കഴിഞ്ഞിട്ടില്ല. പന്ത്രണ്ടോളം നീര ഉൽപ്പാദക കമ്പനികളാണ് സാമ്പത്തിക സഹായം ലഭിക്കാത്തതിനാൽ പ്രതിസസന്ധിയിലായിരിക്കുന്നത്.

അഞ്ചു വർഷത്തെ തിരിച്ചടവ് ക്രമം അനുസരിച്ചാണ് മിക്ക ബാങ്കുകളും വായ്പ നൽകുന്നത്. എന്നാൽ, കമ്പനികൾക്ക് ഒരു വർഷത്തെ പ്രവർത്തനാനുമതിയാണു സർക്കാർ നൽകുന്നത്. ഒരു വർഷത്തേക്ക് പ്രവർത്തനാനുമതി ലഭിച്ച നീര സംഘങ്ങൾക്ക് അഞ്ചു വർഷം തിരിച്ചടയ്ക്കൽ കാലാവധിയുള്ള വായ്പ നൽകാൻ ബാങ്കുകൾ തയാറാകാത്തതാണു പ്രധാനതടസം.

ഈ പ്രശ്നം പരിഹരിക്കണമെങ്കിൽ ലൈസൻസ് കാലാവധി ഒരു വർഷത്തിൽനിന്ന് അഞ്ചു വർഷമായി നീട്ടി നൽകണമെന്നാണു കർഷകർ ആവശ്യപ്പെടുന്നത്. കൂടാതെ വായ്പയുടെ ഉയർന്ന പലിശനിരക്കും കർഷകരെ കടക്കെണിയിലാക്കുന്നുണ്ട്. കോഴിക്കോട് കുന്ദമംഗലത്തെ കോക്കനട്ട് പ്രൊഡ്യൂസേർസ് കമ്പനി അമ്പത് ലക്ഷം രൂപ കർഷകരിൽനിന്ന് പിരിച്ചാണ് പ്രാഥമിക പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയത്.

പിരിച്ചെടുത്ത പണം കൊണ്ട് കുന്ദമംഗലത്ത് ഒരേക്കർ ഭൂമി വാങ്ങിയെങ്കിലും ഇതുവരെ നീര പ്ലാന്റിനുള്ള യന്ത്രം വാങ്ങാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. അഞ്ചു ലക്ഷം രൂപയെങ്കിലും ഇതിനായി വേണ്ടിവരുമെന്നാണ് ഇതുമായി ബന്ധപ്പെട്ടവർ പറയുന്നത്. ബാങ്ക് വായ്പയോ മറ്റ് സർക്കാർ സഹായമോ ഇല്ലാതെ മുന്നോട്ടു പോകാനാകില്ലെന്നും കമ്പനി അധികൃതർ പറയുന്നു. നീരയ്ക്കായി പതിനഞ്ച് കോടി രൂപ സർക്കാർ നീക്കിവച്ചിരുന്നെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ പ്രയോജനം ചെയ്തില്ല.

ഇതിന്റെ ഒരു വിഹിതമെങ്കിലും ലഭിച്ചാൽ താൽക്കാലിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവുമെന്നാണ് കർഷകരുടെ പ്രതീക്ഷ. നീരയിൽനിന്നു തേൻ, പഞ്ചസാര, ശർക്കര തുടങ്ങി മൂല്യവർധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കാനുള്ള വിപുലമായ പദ്ധതികളാണ് കമ്പനികൾ മുന്നോട്ട് വയ്ക്കുന്നതെങ്കിലും സാമ്പത്തിക പ്രതിസന്ധി പ്രതീക്ഷകൾക്കു മങ്ങലേൽപ്പിക്കുകയാണ്.